## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട് -2018-2019- വാക് വിത്ത് എ സ്കോളർ(WWS) പദ്ധതി-ട്രഷറി -ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ മാറുന്നതിനാവശ്യമായ തുക 2202-03-105-90- എന്ന ശീർഷകത്തിൽ നിന്നും സർക്കാർ കോളേജുകൾക്ക് അനുവദിച്ചു ഉത്തരവാകുന്നു

---

**ഉത്തരവ് നമ്പർ പി 4 / 66878 / 2019 /കോ വി.വ .** **തീയതി: 13/06/2019**

പരാമർശം-) 1) 10/04/2019 ലെ നം 31/ 2019 /ധന സർക്കുലർ
2) 27/04/19 ലെ കൽപ്പറ്റ എൻ എം എസ് എം സർക്കാർ കോളേജ് പ്രിൻസിപ്പാളിന്റെ എ 1/346/2019 നമ്പർ കത്ത്
3) 31/05/19ലെ WWS സ്റ്റേറ്റ് കോർഡിനേറ്ററുടെ ഇമെയിൽ സന്ദേശം

### ഉത്തരവ്

2018 -19 സാമ്പത്തിക വർഷത്തിൽ -വാക് വിത്ത് എ സ്കോളർ(WWS) പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ കോളേജുകളുടെ നിന്നും ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നു. പരാമർശം (1) പ്രകാരം ട്രഷറി ക്യൂ വിൽ ഉൾപ്പെടുത്തിയ ബില്ലുകൾ പുതുക്കിയ ഭരണാനുമതി കൂടാതെ തന്നെ നടപ്പു സാമ്പത്തിക വർഷത്തെ (2019 -20 )ബഡ്ജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. .ഈ സാമ്പത്തിക വർഷം FLAIR, WWS, SSP എന്നീ പദ്ധതികൾ അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസിനായും പ്ലാനിംഗ് ബോർഡിൻറെ ഉപദേശമനുസരിച്ചും-2202-03-105-90- Academic Excellence in Teaching ,Learning and Research എന്ന പുതിയ ശീർഷകത്തിൻ കീഴിലാക്കി മാറ്റി. പ്രസ്തുത ശീർഷകത്തിൽ ആകെ 17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2018 -19 സാമ്പത്തികവർഷം വാക് വിത്ത് എ സ്കോളർ(WWS) പദ്ധതിയുടെ ഭാഗമായി ട്രഷറി ക്യൂ വിൽ കിടക്കുന്ന രൂപയുടെ **1,12,540/- (ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ്റി നാൽപ്പത് രൂപ മാത്രം)**ബില്ലുകൾ മാറുന്നതിനു ആവശ്യമായ തുക 2202-03-105-90- Academic Excellence in Teaching ,Learning and Research എന്ന ശീർഷകത്തിൽ നിന്നും താഴെ പറയുന്ന പ്രകാരം വിവിധ സർക്കാർ കോളേജുകൾക്ക് അനുവദിച്ചു ഉത്തരവാകുന്നു.

| ക്രമ നം | കോളേജിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ഗവ. കോളേജ് മൂന്നാർ | 25,500 |
| 2 | ഗവ. ആർട്സ് & സയൻസ് കോളേജ് ബാലുശ്ശേരി | 39,700 |
| 3 | ഗവ. ബ്രണ്ണൻ കോളേജ് കണ്ണൂർ | 7,340 |
| 4 | എൻ എം എസ് എം ഗവ. കോളേജ് കൽപ്പറ്റ | 40,000 |
| | ആകെ | **1,12,540** |

**(ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ്റി നാൽപ്പത് രൂപ മാത്രം)**

മേൽവിവരിച്ച പ്രകാരം അനുവദിച്ചിരിക്കുന്ന തുക വാക് വിത്ത് എ സ്കോളർ(WWS) ട്രഷറി ക്യൂ ബില്ലുകൾ മാറുന്നതിനു മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ .ടി തുക ഈ സാമ്പത്തിക വർഷത്തെ (2019-20) 2202-03-105-90- Academic Excellence in Teaching ,Learning and Research എന്ന ശീർഷകത്തിൽ നിന്നുംകുറവ് ചെയ്യേണ്ടതാണ്

ഒപ്പ്/-

ഹരിത വി കുമാർ ഐ .എ .എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് – 1) ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾമാർക്ക്
2 )ബജറ്റ് സെക്ഷൻ
3) WWS/SSP സ്റ്റേറ്റ് കോഓർഡിനേറ്റർ
4) )കരുതൽ / നടപ്പ് ഫയൽ

// അംഗീകാരത്തോടെ//

Prema.B

സൂപ്രണ്ട്